(ബി) സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്താണ് തടസ്സമായിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(സി) ഈ വില്ലേജാഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊല്ലമുള, ചിറ്റാർ-സീതത്തോട്, പെരിനാട്.

(ബി) ചിറ്റാർ-സീതത്തോട്, പെരിനാട് എന്നീ വില്ലേജുകൾക്ക് സ്വന്തമായി സ്ഥലമില്ല. കൊല്ലമുള വില്ലേജാഫീസ് പണിയുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടറിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത പരിശോധിച്ചുവരുന്നു.

(സി) ചിറ്റാർ-സീതത്തോട്, പെരിനാട് എന്നീ വില്ലേജുകൾക്ക് സ്ഥലം കണ്ടെത്താൻ ജില്ലാ കളക്ടർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മേൽപ്പറഞ്ഞ മൂന്നു വില്ലേജാഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

ചോർന്നൊലിക്കുന്ന പന്ന്യന്നൂർ വില്ലേജ് ഓഫീസ്

31 [627] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ വില്ലേജ് ഓഫീസ് കെട്ടിടം ചോർന്നൊലിച്ച് അപകടാവസ്ഥയിലാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടം പുതുക്കിപ്പണിയുന്നതിനുവേണ്ടി നൽകിയ നിവേദനത്തിൽ ഇതുവരെയായി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പണി എന്ന് തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കണ്ണൂർ ജില്ലയിലെ വില്ലേജ് ആഫീസുകളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ സമാഹൃത പ്രൊപ്പോസൽ ലഭ്യമാക്കാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ശുപാർശ ഉടൻ ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണ്.

റവന്യൂ വകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് മാനദണ്ഡം

32 [628] ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് റവന്യൂ വകുപ്പിൽ പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly